# വാഗ്ദാനം

'ദൈവം നമ്മോടുകൂടെ'



Dubai Malayalee Catholic Congregation News Letter



വിണ്ണിൽ നിന്നും മണ്ണിലേക്കിറങ്ങിയ
ദൈവപുത്രന്റെ പ്രഥമ സക്രാരിയായ മറിയമെ,
ഞങ്ങളുടെ ഹൃദയം ഈശോയുടെ നിറവിലും
സാന്നിദ്ധ്യത്തിലും എന്നേയ്ക്കും ആയിരിക്കാൻ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.



സ്നേഹിതരേ,

'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.' (യോഹന്നാൻ 1:4)

'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെതന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. (മത്താ. 2:67)

ക്രിസ്തുമസ്, ദൈവം മനുഷ്യനായിട്ടവതരിച്ച പുണ്യദിവസം എന്നു പറയുന്നതുകൊണ്ടുമാത്രം തീർന്നില്ല, ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന പുണ്യദിവസം എന്നു പറയുമ്പോഴാണ് അത് പൂർണ്ണമാകുന്നത്. ദൈവം മനുഷ്യശരീരം ധരിക്കുന്നതിലൂടെ, മനുഷ്യത്വത്തിന്റെ മാഹാത്മ്യമാണ് പ്രഖ്യാപിക്കുന്നത്. ദൈവപുത്രന്റെ മനുഷ്യാവതാരം നൽകുന്ന ചിന്തകൾ നമ്മെ രൂപാന്തരപ്പെടുത്തട്ടെ.

- ★ മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹം
- ★ മനുഷ്യന്റെ ഭാഷ സംസാരിച്ച്, അവന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുവാനുള്ള ദൈവത്തിന്റെ ആഗ്രഹം.
- ★ മനുഷ്യന്റെ ജീവിത സാഹചര്യങ്ങളിലേയ്ക്കും പരിമിധികളിലേയ്ക്കും ഇറങ്ങിവന്നുകൊണ്ട്, 'ദൈവം നമ്മോടുകൂടെ' എന്നു പറഞ്ഞ്, നമ്മെ ബലപ്പെടുത്തുന്ന ദൈവം.

എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ



ഫാ. അലക്സ് വാച്ചാപറമ്പിൽ
avachacap@yahoo.com

**രക്ഷാധികാരി**
ഫാ. ലെന്നി കോന്നുള്ളി OFM Cap.

**ചീഫ് എഡിറ്റർ**
ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap.

**എഡിറ്റോറിയൽ ബോർഡ്**
ഷാജി ജോസഫ്
ബിരെൺ ഫിലിപ്പ്
ജൂഡ് ഷൈജു
ലൂക്കോസ് വി.ചെറിയാൻ
ജോസഫ് പുലിക്കോട്ടിൽ

**ഉപദേശക സമിതി**
ജോഷി മാത്യു
ബോബി ആന്റണി

**ടൈപ്പിംഗ്**
ജയൻ ക്രിസ്തുദാസൻ
ജോസ് ഐക്കര

**ആർട്ടിസ്റ്റ്**
ലിന്റോ തോമസ്
ജോമോൻ ജോൺ
റിറ്റോ വെള്ളറ

**സർക്കുലേഷൻ**
റോയി തട്ടിൽ


*vagdanam.dubai@gmail.com*

# താളുകൾ മറിക്കുമ്പോൾ


**എഡിറ്റോറിയൽ** 3

**യേശു ചോദിക്കുന്നു: എന്നെ ഒന്നു തൊട്ടുകൂടെ** 5
- ജിറ്റോ ജോർജ് FCA

**കരുണയുടെ വാതായനങ്ങൾ തുറക്കാം** 6
- ഉഷ കുരിയൻ

**അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം** 8
- ലീനാ ജയിംസ്

**കാൽവരിയിലെ ക്രിസ്തുമസ്** 10
- നീതു ബാബു

**പുൽക്കൂടൊരുക്കാം യേശുവിനായ്** 11
- സിബി അരാശ്ശേരി

**സ്നേഹം പരമമായ സത്യം പ്രാർത്ഥന എന്ന പുണ്യം** 13
- നിഷ സണ്ണി

**ദൈവത്തിങ്കലേക്കൊരു പ്രാർത്ഥനാദൂതുമായി...** 14
- സയന ഷിനോയ്

**ഇതെങ്ങനെ സംഭവിക്കും?** 16
- ജോസഫ് പി.എൻ.



# യേശു ചോദിക്കുന്നു:
# എന്നെ ഒന്നു തൊട്ടുകൂടെ



ജിറ്റോ ജോർജ് FCA

അവന്റെ വസ്ത്രത്തിൽ ഒന്നു സ്പർശിച്ചാൽ മാത്രം മതി എനിക്കു സൗഖ്യം കിട്ടും എന്ന് അവൾ ഉള്ളിൽ വിചാരിച്ചിരുന്നു.

പന്ത്രണ്ടു വർഷമായി രക്തസ്രാവം നിമിത്തം കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ പിന്നിലൂടെ വന്ന് യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു. വളരെ കഷ്ടപ്പെട്ടാണ് ജനത്തിന്റെ തിക്കിലും തിരക്കിലും പെട്ട് അവൾ യേശുവിന്റെ അടുത്തെത്തിയത്. എന്നാൽ യേശുവിനു മനസ്സിലായി തന്നിൽ നിന്നും ശക്തി പുറപ്പെട്ടു എന്നുള്ളത്. യേശു അവളെ നോക്കി അരുൾച്ചെയ്തു: മകളേ, ധൈര്യമായിരിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ആ നിമിഷം അവൾ സൗഖ്യമുള്ളവളായി.

ഇന്നും യേശു നമ്മുടെ അടുത്തുവരുന്നുണ്ട്. അതു കൂടാതെ യേശുവിനെ നാം ഉള്ളിൽ സ്വീകരിക്കുന്നുമുണ്ട്. അപ്പത്തിന്റെ രൂപത്തിൽ വിശുദ്ധ കുർബാനയിലൂടെ. പക്ഷെ നമുക്കാർക്കും യേശുവിനെ ഒന്നു തൊടാൻ സാധിക്കുന്നില്ല. നമ്മുടെ അകൃത്യങ്ങൾ നമ്മെയും ദൈവത്തെയും അകററിയിരിക്കുന്നു (ഏശയ്യ 59:2) നമ്മുടെ വിശ്വാസം ക്ഷയിച്ചു പോയിരിക്കുന്നു. യേശു തന്നെ ചോദിക്കുന്നു: വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും; എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിക്കും? നാം നമ്മുടെ പാപങ്ങൾ ഏററുപറഞ്ഞ് അനുതപിച്ചു വിശ്വാസത്തോടെ അവനെ ഒന്നു തൊടുവാൻ തയ്യാറാകണം.

ഒരിക്കൽ യേശു ഗനേസറത്തിലെത്തി. അവിടുത്തെ ജനങ്ങൾ അവനെ തിരിച്ചറിഞ്ഞു. ചുററുമുള്ള നാട്ടിലെല്ലാം ആളയച്ച് സകല രോഗികളേയും അവന്റെ അടുത്തു കൊണ്ടുവന്നു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊടാനെങ്കിലും അനുവദിക്കണമെന്ന് അവനോടു അപേക്ഷിച്ചു. സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കുകയും ചെയ്തു. (മത്തായി 14:34 ) നമ്മിലും ഈ വിശ്വാസം ഉണരണം. വിശ്വാസത്തോടെ അവനെ ഒന്നു തൊട്ട് അവനിൽനിന്ന് സൗഖ്യവും കൃപയും സ്വീകരിക്കാം. എന്നിട്ട് അവന്റെ ഹൃദയത്തോടു ചേർന്നു നിൽക്കാം. അപ്പോൾ സകല തിന്മകളും നമ്മിൽനിന്ന് വിട്ടകലും. പൈശാചിക ശക്തികൾ നമ്മെ ആക്രമിക്കുകയില്ല. നമ്മിൽ പരിശുദ്ധാത്മാവ് നിറയും. ദൈവത്തിന്റെ ശക്തി നമ്മളിൽ നിറയും. നാം ഒരു പുതിയ ശക്തിയായി രൂപാന്തരപ്പെടും.

## പ്രാർത്ഥന

പിതാവായ ദൈവമേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ രക്ഷകനുമായ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. എന്നെയും കുടുംബത്തെയും കുടുംബാംഗങ്ങൾ ഓരോരുത്തരേയും ലോകം മുഴുവനേയും യേശുവിന്റെ തിരുരക്തത്താൽ കഴുകി സംരക്ഷിക്കണമേ. യാതൊരു അന്ധകാര ശക്തിയും ആക്രമിക്കാതിരിക്കാൻ അങ്ങയുടെ പുത്രനായ യേശുവിന്റെ നാമത്തിൽ കാത്തു കൊള്ളണമേ. ആമ്മേൻ.

# കരുണയുടെ വാതായനങ്ങൾ തുറക്കാം





ഉഷ കുരിയൻ

ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന യേശുവിനരികിലേക്ക് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ, നിയമജ്ഞരും ഫരിസേയരും കൊണ്ടുവന്ന് മോശയുടെ നിയമമനുസരിച്ചു കല്ലെറിയണമെന്ന് ആവശ്യപ്പെടുന്ന രംഗം വി.യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ കാണാം. നിശബ്ദനായിരിക്കുന്ന യേശുവിനോടു അവർ ആവർത്തിച്ചാവർത്തിച്ച് ചോദിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ. എന്ന് മറുപടി പറയുന്നു. തന്റെ മുൻപിൽ നിൽക്കുന്ന അപമാനിതയും ദുഃഖിതയും അവഹേളനാപാത്രവുമായ ആ സ്ത്രീയോട്, അവൾ തെറ്റു ചെയ്തു എന്നറിഞ്ഞിട്ടും യേശു കരുണയോടെ വിധി പറയുന്നു. വി.മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായം 7-ാം വാക്യം കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും. ആകാശത്തോളം ഉയർന്ന യേശുവിന്റെ കരുണ വ്യഭിചാരിണിക്ക് സുവിശേഷത്തിൽ ഇടം നേടിക്കൊടുത്തു. തന്റെ ജീവിതം അവസാനിച്ചു എന്ന് കരുതിയവൾക്കു അവൻ കരുണയുടെ വാതായനങ്ങൾ തുറന്ന് പുതുജീവൻ നൽകി. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റപ്പെട്ടവരിലേക്കാണ് യേശു കരുണയുടെ, അലിവിന്റെ, കരങ്ങൾ നീട്ടിയത്. പലപ്പോഴും നമ്മിലുള്ള കരുണ നാമറിയാതെ മറ്റുള്ളവരിലേക്ക് പടരുമ്പോൾ അതവർക്ക് ജീവനും സന്തോഷവുമാകുന്നു. അവരുടെ ജീവിതഗതിതന്നെ മാറിയൊഴുകുന്നു.

രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് തന്റെ പ്രതിശ്രുത വരനായ ജോസഫിനോട് എന്തുപറയും, എങ്ങനെ പറയും, ആ രഹസ്യമെന്നോർത്തു മേരിയെന്ന യഹൂദകന്യക പരിഭ്രമിച്ചുനിന്നിട്ടുണ്ടാകും. അവളുടെ നിഷ്കളങ്കത തുളുമ്പുന്ന മിഴികളിലേക്ക് നോക്കി. എന്റെ അറിവുകൂടാതെ ഗർഭിണിയായ ഇവളെ എനിക്ക് വേണ്ട എന്ന് പറയുവാൻ ജോസഫിന് കഴിഞ്ഞില്ല. മേരിയുടെ പരിശുദ്ധിയെപ്പറ്റി സംശയമില്ലെങ്കിലും ആ സത്യത്തെ ഉൾക്കൊള്ളുവാനോ അംഗീകരിക്കുവാനോ പാവം ജോസഫിന് കഴിഞ്ഞില്ല. എന്നാൽ ലോകരക്ഷകനെപ്പറ്റിയുള്ള രഹസ്യം വെളിപ്പെടുത്തിക്കിട്ടിയപ്പോൾ ജോസഫ്, മേരിയെ ഇരുകരങ്ങളും നീട്ടി സ്വീകരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളോ, സമൂഹത്തിൽ ഉന്നത സ്ഥാനമാനങ്ങളോ ഒന്നും ഇല്ലാത്ത സാധാരണക്കാരിലും, താഴ്ന്ന ഒരു തച്ചനായിരുന്നു ജോസഫ്. എന്നാൽ ആ ഹൃദയത്തിൽ കരുണയുടെ നറുംനിലാവ് പരന്നൊഴുകി. ആ കരുണയാൽ ജോസഫ്, യേശുവിന്റെ, ദൈവപുത്രന്റെ ഇഹത്തിലെ പിതൃസ്ഥാനത്തേക്കു ഉയർത്തപ്പെട്ടു.

ഓരോരുത്തരും അവരവർ വ്യാപരിക്കുന്ന മേഖലകളിൽ കരുണയുടെ മാലാഖമാരായിരിക്കട്ടെ. യുവതലമുറയെ ബോധവൽക്കരിക്കുവാൻ മുതിർന്നവർ കൂടുതൽ കരുതലോടെ പ്രവർത്തിച്ച് അവർക്ക് മാതൃകയാകട്ടെ. കരുണയോടെ പ്രവർത്തിക്കുവാൻ ലഭിക്കുന്ന അവസരങ്ങളിൽ കുട്ടികളെ മാതൃകാപരമായ രീതിയിൽ നയിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതും മാതാപിതാക്കന്മാരാണ് മയങ്ങിക്കിടക്കുന്ന യുവമനസ്സുകളെ ഉണർത്തി ശക്തിയും ഓജസ്സും നിറഞ്ഞ യുവത്വത്തെ മെരുക്കി, വചനത്താൽ ജീവിതത്തെ ഉടച്ചുവാർത്ത കരുണയുടെ പുതിയ പ്രഭാതത്തിനായി കാത്തിരിക്കാം.

കരുണയുടെ നിറകുടമായ ഫ്രാൻസ്സിസ് പാപ്പായുടെ പാത നമുക്കും പിൻതുടരാം. വലിയ മുക്കുവനായ പത്രോസിന്റെ പിൻഗാമി നയിക്കുന്ന പാതയിലൂടെ കരുണയുടെ പാഠങ്ങൾ പഠിച്ച്, ജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്ക് മുന്നേറാം. ക്രിസ്തുവിന്റെ കാരുണ്യം നമ്മിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകുകയും, അവർ നമ്മിൽ ക്രിസ്തുവിനെ കാണുകയും ചെയ്യട്ടെ. രണ്ടാം ക്രിസ്തുവായ വി.ഫ്രാൻസ്സിസ് അസ്സീസിയെപ്പോലെ മണ്ണിനേയും, മരത്തെയും, സകലജീവജാലങ്ങളെയും, സഹജീവികളെയും സ്നേഹിക്കാം, കരുതലോടെ സംരക്ഷിക്കാം. കരുണയുടെ കൊച്ചുകൊച്ചു കല്ലുകൾ അടുക്കിവെച്ച്, കുടുംബങ്ങളും സഭയും സമൂഹവും കെട്ടിപ്പടുക്കുമ്പോൾ, പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് മുന്നിൽ വിരിയും. ക്രിസ്തുവിന്റെ പിറവി ആഘോഷിക്കുമ്പോൾ കരുണയുടെ പുതുപുലരിയിലേക്കുള്ള വാതായനങ്ങൾ നമുക്ക് മെല്ലെ തുറക്കാം.

ഈ കാലഘട്ടത്തിൽ നമ്മിൽ പലർക്കും കൈമോശം വന്നുപോയതും അത് തന്നെയാണ്. കരുണയും സാക്ഷരതയും ഉയർന്ന പദവികളും യോഗ്യതകളും ഉണ്ടായിരുന്നിട്ടും, പരസ്പരം സ്നേഹിക്കുവാനും സഹിഷ്ണതയോടെ പെരുമാറുവാനും, മനസ്സലിവുള്ളവരാകാനും നമുക്ക് കഴിയുന്നില്ല. കുറവുകളും പോരായ്മ ളും, ക്ഷമിക്കുവാനും പൊറുക്കുവാനും പറ്റുന്നില്ല. അതിനു കഴിഞ്ഞിരുന്നുവെങ്കിൽ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സമാധാനം നദിപോലെ ഒഴുകുമായിരുന്നു. നിസ്സാരലാഭങ്ങൾക്കും സ്വാർത്ഥതാത്പര്യങ്ങൾക്കും വേണ്ടി പലരുടേയും സ്വപ്നങ്ങളും ജീവിതവും ഹോമിക്കപ്പെടുന്നു. സാമ്പത്തിക നേട്ടങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി എന്ത് മ്ലേഛതയും പ്രവർത്തിക്കുവാൻ മടിയില്ലാതാകുന്നു.

മാറണം ഈ സംസ്കാരം മാറ്റണം. നമ്മുടെ മനഃസ്ഥിതികളും, വ്യവസ്ഥിതികളും, കരുണയുടെ ബാലപാഠങ്ങൾ കുടുംബങ്ങളിൽ നിന്ന് ആരംഭിക്കാം. 'ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്.' എന്ന നാഥന്റെ മൊഴികൾ നമുക്ക് ഓർക്കാം. വിശക്കുന്നവന് അപ്പമായും, ദാഹിക്കുന്നവന് ജലമായും, രോഗിക്ക് ആശ്വാസമായും, കരയുന്നവന് സാന്ത്വനമായും, ആലംബമറ്റവന് ഊന്നുവടിയായും മാറാനാണ് ഓരോരുത്തരേയും ദൈവം ഭൂമിയിലേക്കയക്കുന്നത്. ക്രിസ്തുവിന്റെ പിറവി നമ്മെ ഓർമ്മിപ്പിക്കുന്നതും അത് തന്നെയാണ്. കാരണം അവൻ ഇതെല്ലാമായിരുന്നു, അല്ല ഇതിന് അപ്പുറവുമായിരുന്നു.


# വാർഷികധ്യാനം 2018

**ഫെബ്രുവരി 5 –ാം തിയ്യതി തിങ്കളാഴ്ച മുതൽ 8–ാം തിയ്യതി വ്യാഴാഴ്ചവരെ**

**വൈകുന്നേരം 7.30 മുതൽ 9.30 വരെ**

## റവ.ഫാ. സെബാസ്ത്യൻ തോബിയാസ്

സെന്റ് ആന്റണി കപ്പൂച്ചിയൻ ആശ്രമം, തില്ലേരി, കൊല്ലം



ലീനാ ജയിംസ്



# അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം

നക്ഷത്രവിളക്കുകളും, പുൽക്കൂടുകളും, ക്രിസ്തുമസ്സ് കേക്കുകളും, സമ്മാനങ്ങളും, ആശംസാകാർഡുകളും എല്ലാറ്റിലും ഉപരിയായി ദേവാലയങ്ങളിലെ പതിവ് ആരാധനക്രമങ്ങളുമായി ഇതാ വീണ്ടും ഒരു ക്രിസ്തുമസ്സ് കൂടി വരവായി. ആത്യന്തികമായി ഈ ആഘോഷാചാരങ്ങളിൽ ക്കൂടി അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും നമ്മുടെ ഹൃദയങ്ങളിൽ സമാധാനവും ലഭിക്കുന്നുണ്ടോ? ഇല്ലാ എന്നാണെങ്കിൽ നമ്മുടെ പ്രാർത്ഥനളും ആഘോഷങ്ങളും വ്യർത്ഥമല്ലേ? മൂന്നു ആട്ടിടയന്മാരെ ഉണ്ണിയേശുവിന്റെ പുൽക്കൂടിലേക്ക് വഴികാട്ടിയ നക്ഷത്രംപോലെ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ മറ്റുള്ളവരെ ക്രിസ്തുവിലേയ്ക്ക് വഴികാട്ടുന്ന നക്ഷത്രദീപങ്ങൾ ആകാൻ നമ്മുക്ക് സാധിക്കുന്നുണ്ടോ? ക്രിസ്തുവിനെ അറിയാത്തവരും, അഥവാ അറിഞ്ഞിട്ടും ഉൾക്കൊള്ളാൻ തയ്യാറല്ലാത്തവരുമായവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുവാനും, നമ്മുടെ ദൈനംദിന ജീവിതത്തിലൂടെ ക്രിസ്തുവിനെ പകർന്നുകൊടുക്കുവാനും നമുക്ക് സാധിക്കണം. നമ്മുടെ ജീവിതം ആയിരിക്കട്ടെ അവർക്ക് വേദപുസ്തകം. അതു സാധ്യമാകുമ്പോൾ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും ലഭിക്കും.

പുൽക്കൂട്ടിൽ കിടക്കുന്ന ഉണ്ണീശോയെ ആരാധിക്കുന്ന നമുക്ക് ഏകാന്തതയിൽ കഴിയുന്ന, കഷ്ടത അനുഭവിക്കുന്ന, രോഗാവസ്ഥയിൽ കഴിയുന്ന സാമ്പത്തിക മാനസ്സിക ക്ലേശങ്ങളാൽ വലയുന്ന സഹോദരങ്ങളെ കാണാൻ സാധിക്കുന്നുണ്ടോ?

അവരെ സ്നേഹിക്കുവാനും, ആദരിയ്ക്കുവാനും അവരുടെ ബലഹീനതകളെ അംഗീകരിക്കുവാനും എല്ലാവരോടും യോഗ്യമായി പെരുമാറുവാനും അവരിൽ യേശുവിനെ കാണുവാനും അങ്ങനെ ക്രിസ്തീയ ജീവിതവും പ്രവർത്തനവും കൂടുതൽ ഫലമുള്ളതാക്കിതീർക്കുവാനും സ്നേഹത്തിന്റേയും നന്മയുടേയും കൂടുതൽ ഉദാത്തമായ പ്രവൃത്തികൾ ചെയ്യുന്നതിന് നമുക്ക് കഴിയുന്നുവെങ്കിൽ മാത്രമേ നമ്മുടെ ക്രിസ്തുമസ്സ് പൂർണ്ണതയിൽ എത്തൂ. ഇതു നാം തിരിച്ചറിഞ്ഞിട്ടും, സമ്പത്തിന്റേയും, സ്ഥാനമാനങ്ങളുടേയും, ഭൗതിക നേട്ടങ്ങളുടേയും ഓട്ടത്തിനിടയിൽ നാം പലതും കണ്ടിട്ടും കണ്ടില്ല എന്നും, കേട്ടിട്ടും കേട്ടില്ല എന്ന രീതിയിൽ മനസ്സാക്ഷി മരവിച്ച് യാന്ത്രികമായി ക്രിസ്തുമസ്സ് ആഘോഷിക്കുകയാണ്. ഈ ക്രിസ്തുമസ്സ് വേളയിലെങ്കിലും രോഗികളും, പാപികളും, പരാജിതരും, നിസ്സഹായരും ആയ ആളുകളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് നമ്മളാൽ

ആകുംവിധം അതെന്തുമാകട്ടെ, സാമ്പത്തിക മോ, ആശ്വാസത്തിന്റേയോ, പ്രോത്സാഹന ത്തിന്റേതോ ആയ ഒരു നല്ല വാക്ക് അവർക്ക് കൊടുക്കുമ്പോൾ അല്ലേ ശരിയ്ക്കും അത്യുന്ന തങ്ങളിൽ ദൈവത്തിനു മഹത്വവും, ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും ലഭിക്കുക?

ദൈവപുത്രനായ, ലോകനാഥനായ ഈ ശോയ്ക്ക് പരിശുദ്ധ മറിയം ജന്മം നല്കിയത് വെറും ഒരു കാലിത്തൊഴുത്തിൽ ആണ്. പരി ശുദ്ധ മാതാവിന് യൗസേപ്പിതാവിനെ കുറ്റപ്പെ ടുത്താമായിരുന്നു, ഈശോ ദൈവപു ത്രനാണോ എന്ന് സംശയിക്കാമായിരുന്നു, ദൈ വത്തിന്റെ കരുതലില്ലായ്മയോട് പരിഭവിക്കാമാ യിരുന്നു. സത്രത്തിൽ സ്ഥലം കൊടുക്കാതിരു ന്ന സത്രമുടമയോട് കോപിയ്ക്കാമായിരുന്നു. പക്ഷെ പരിശുദ്ധ അമ്മ അങ്ങനെയൊന്നും ചെ യ്യാതെ ആ പുൽത്തൊഴുത്തിനെ സന്തോഷ ത്തോടെ സ്വീകരിച്ചു. അതിനാൽ കാലിത്തൊ ഴുത്തിലും സന്തോഷമുള്ളവളായിരുന്നു. ദൈ വം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നത് എന്തുമാകട്ടെ, എത്ര കഷ്ടതയും, ദുരിതപൂർണ്ണ വും, വേദനാജനകവുമായ കാര്യങ്ങളായിക്കൊ ള്ളട്ടെ, ദൈവതിരുമനസ്സിന് പൂർണ്ണമായി കീഴ്വ ഴങ്ങിക്കൊണ്ട് അവയെല്ലാം നാം സന്തോഷ ത്തോടെ സ്വീകരിക്കണം. 'ദൈവമേ അവിടു ത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരി ക്കുന്നു.' (ഹെബ്രായർ 10.7) കൊടിയ യാതന കളുടേയും, വേദനകളുടേയും നടുവിൽ എപ്പോ ഴെങ്കിലും ദൈവപരിപാലനയെ ചോദ്യം ചെ യ്യാൻ നമുക്ക് തോന്നിയാൽ ഒരു നിമിഷം കാ ലിത്തൊഴുത്തിൽ ദൈവപുത്രനു ജന്മം നൽകി യ മാതാവിലേക്ക് നമ്മുക്ക് കണ്ണുകൾ ഉയർ ത്താം. ദൈവപദ്ധതികൾ നിഗൂഢവും മനുഷ്യ ന്റെ ബുദ്ധിക്ക് അനിർവചനീയവുമാണ്. എന്നി രുന്നാൽതന്നെ ദൈവതിരുമനസ്സിന് കീഴ് വഴ ങ്ങി ജീവിക്കുന്നവർ ആണ് സന്മനസ്സുള്ളവർ. ആ സന്മനസ്സോടുകൂടി ജീവിക്കുമ്പോൾ ആണ് അത്യുന്നതങ്ങളിൽ ദൈവമഹത്വവും ഭൂമിയിൽ സമാധാനവും ഉണ്ടാക്കുക. ഏതു സാഹചര്യ ത്തിലും നമ്മുടെ ഹൃദയം ദൈവതിരുമനസ്സിൽ സമാധാനം കണ്ടെത്താനുള്ള ഒരു ആർജ്ജവ വും, കൃപയും ഈ ക്രിസ്തുമസ്സിൽ നമുക്ക് ല ഭിക്കാൻ ഇടയാകട്ടെ. സ്വന്തം കുടുംബത്തിലോ, ജോലി മേഖലയിലോ, മറ്റു ജീവിത ചുറ്റുപാടു കളിലോ പ്രതിസന്ധി ഉണ്ടാകുമ്പോൾ, ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ എന്നു പറഞ്ഞ പരിശുദ്ധ അമ്മയെപ്പോലെയും, എന്റെ ഇഷ്ടമല്ല, പിതാന്റെ ഇഷ്ടം നിറവേറട്ടെ എന്നു പറഞ്ഞ യേശുനാഥ നെപ്പോലെയും ദൈവഹിതത്തിന് നമ്മെ പൂർ ണ്ണായും വിട്ടുകൊടുക്കാം.



## വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ

**2018 ജനുവരി 26 ന് വെള്ളിയാഴ്ച**

**(ഗേൾസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ)**

**ആഘോഷമായ പാട്ടുകുർബാന, ലദീഞ്ഞ്**
**തുടർന്ന് ഭക്തി നിർഭരമായ പ്രദക്ഷിണം,**
**അമ്പ് വണങ്ങൽ, നേർച്ചവിതരണം**

# കാൽവരിയിലെ ക്രിസ്തുമസ്



നീതു ബാബു

വർണ്ണ നക്ഷത്രങ്ങളും ബൾബുകളും ബലൂണുകളും നിറഞ്ഞുനിൽക്കുന്ന ക്രിസ്തുമസ് രാത്രി നാം ഏറെ ഇഷ്ടപ്പെടുന്നു. ക്രിസ്ത്യാനികളായി ജനിച്ച്, ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കുന്ന നാം ഏറ്റവും കൂടുതൽ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ക്രിസ്തുമസ് രാത്രി. ഈ ക്രിസ്മസ് രാത്രിയിൽ എല്ലാവരുടേയും മനസ്സിൽ പുഞ്ചിരിയും സന്തോഷവും വിടരുന്നുണ്ടോ?

പാവപ്പെട്ടവരും പണക്കാരും ഒരുപോലെ നോമ്പെടുത്ത് കാത്തിരുന്ന ദിവസമാണ് ഡിസംബർ 25. നാം ആഘോഷിക്കുന്ന ക്രിസ്തുമസ്സ് രാത്രി. നമുക്കൊപ്പം ആരൊക്കെ ക്രിസ്തുമസ്സ് ആഘോഷിക്കുന്നുണ്ടെന്ന് നമുക്കൊന്ന് ചിന്തിക്കാം. നമ്മുടെ വീട്ടിൽ മേശ നിറച്ച് ഭക്ഷണം വിളമ്പുന്ന രാത്രിയിൽ, ഈ ലോകത്ത് ഒരു പാത്രം ഭക്ഷണത്തിനായി കാത്തിരിക്കുന്ന എത്ര പേരുണ്ട് എന്നു നാം ആലോചിച്ചിട്ടുണ്ടോ? മനോഹരമായ വസ്ത്രങ്ങളണിഞ്ഞ് ഒരുങ്ങി പള്ളിയിൽ പോകുന്ന നമുക്ക്, ഒരു പുതിയ ഉടുപ്പിനായി കാത്തിരിക്കുന്ന അനാഥാലങ്ങളിലെ കുഞ്ഞുമക്കളുടേ വേദന ഓർക്കാൻ കഴിയുന്നുണ്ടോ? പ്രവാസികളായ നാം നമ്മുടെ അദ്ധ്വാനത്തിന്റെ ഒരു വീതം ക്രിസ്തുമസ്സ് ആഘോഷങ്ങൾക്കായി ചെലവിടുമ്പോൾ, ശാരീരിക അവശതകൾ മൂലം ജോലി ചെയ്യാൻ പറ്റാതെ വിഷമിക്കുന്നവരെ കണ്ടിട്ടുണ്ടോ? കാൽവരിമല നമുക്ക് നൽകുന്ന വേദനയുടെ അനുഭവം, അതാണ് നാം അറിയാത്ത മറ്റുപലർക്കും ക്രിസ്തുമസ്സിന്റെ ഓർമ്മകൾ.

നാം എന്നും കേൾക്കുകയും വീണ്ടും മറക്കുകയും ചെയ്യുന്ന വേദനിക്കുന്ന മനസ്സുകളെ തിരിച്ചറിയാൻ ഈ അവസരത്തിൽ നമുക്കു ശ്രമിക്കാം. ഉണ്ണീശോ നമ്മുടെ ഹൃദയത്തിൽ മാത്രമല്ല, എല്ലാ മനുഷ്യ ഹൃദയങ്ങളിലും പിറക്കണം. എല്ലാ മനസ്സുകളും സന്തോഷംകൊണ്ട് നിറഞ്ഞാൽ മാത്രമേ, ഉണ്ണീശോയ്ക്ക് നമ്മെ നോക്കി പുഞ്ചിരിക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ വാക്കുകളും പ്രവൃത്തികളും ഒരുപോലെയായാൽ നമുക്കും അതിനും സാധിക്കും. തണുപ്പുള്ള ഡിംസംബറിലെ ഈ ക്രിസ്മസ് രാത്രിയിൽ നമുക്കെന്തെങ്കിലും മാറ്റം ഉണ്ടാകുമോ? മാറ്റം വരുത്താൻ നമുക്കു ശ്രമിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിലായി ദാരിദ്ര്യവും രോഗവും പട്ടിണിയും അനുഭവിക്കുന്ന ഒരുപാട് പേരുണ്ടാകും. അവരുടെയെല്ലാം പ്രശ്നങ്ങൾക്ക് ഉത്തരം നൽകാൻ നമുക്ക് കഴിയില്ലെങ്കിലും നമ്മുടെ സഹായം അർഹിക്കുന്ന ആരെങ്കിലും ഒക്കെ നമ്മുടെ ചുറ്റിലും ഉണ്ടാകും. അവരെ തിരിച്ചറിഞ്ഞ് സഹായിക്കാൻ നമുക്ക് കഴിയണം. അതായിരിക്കട്ടെ ഈ ക്രിസ്തുമസ്സിന് നാം ഉണ്ണീശോയ്ക്കു നൽകുന്ന സ്നേഹ സമ്മാനം.

നമ്മുടെ പ്രവൃത്തികൾ വഴിയായി മറ്റാർക്കെങ്കിലും ആശ്വാസം ലഭിച്ചാൽ ദൈവതിരുസ്സന്നിധിയിൽ അത് വിലയേറിയ പ്രവൃത്തിയായി ഈശോ കാണും. അതിന് മറ്റൊരു വലിയ സമ്മാനവും ഈശോ നമുക്കായി ഒരുക്കുന്നുണ്ടാകും. നമ്മുടെ ഭൗതിക സമ്പത്തും ആരോഗ്യവും ഈശോ നമ്മുടെ കയ്യിൽ ഏൽപ്പിച്ചത് നമുക്ക് മാത്രം അനുഭവിക്കാനല്ല, അത് അർഹിക്കുന്ന കുറേപേരുണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടാകട്ടെ. ക്രിസ്മസിനായി നാം ഒരുക്കുന്ന പുൽക്കൂട്, ഒരു കഥയല്ലെന്നും, യാഥാർത്ഥ്യമാണെന്നും നമുക്ക് മനസ്സിലാക്കാം. ഈശോ പുൽക്കൂട്ടിൽ ജനിച്ചതുപോലെ എളിമ എന്ന പുണ്യം നമ്മിൽ വളരട്ടെ. നാം ചെയ്യുന്ന നന്മ പ്രവൃത്തികൾ കണ്ട് നമ്മുടെ മക്കൾക്ക് നാം ഒരു മാതൃകയായിത്തീരണം. അങ്ങനെ നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഒരു ഭാരമാകാതെ എപ്പോഴും ഒരു സ്വാന്തനമായിത്തീരട്ടെ.



# പുൽക്കൂടൊരുക്കാം
# യേശുവിനായ്



സിബി അരാശ്ശേരി

നന്മയുടെ പ്രകാശം പരത്തി ഒരു സുദിനം കൂടി വരവായി. ഈ ക്രിസ്തുമസ്സിന് യേശു നൽകുന്ന മഹത്തായ സന്ദേശമാണ് ഹൃദയശുദ്ധിയുള്ളവരാകുക എന്നത്. നമ്മുടെ ഹൃദയങ്ങളെ യേശുവിന്റെ ആഗമനത്തിനായി ഒരുക്കിയെടുക്കാം. തിന്മയുടെ ശക്തികളെ നമുക്ക് പ്രതിരോധിക്കാം. കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ പോയ ജ്ഞാനികളെപ്പോലെ ദിവ്യശിശുവിനെ കുമ്പിട്ടാരാധിക്കാം. പാപസാഹചര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാം. ഒരു ധനികന്റേയും മണിമാളികയിൽ അല്ല യേശു ജനിച്ചത്. മരംകോച്ചുന്ന തണുപ്പിനെ അതിജീവിച്ച് പുൽത്തൊഴുത്തിൽ അവിടുന്ന് നമ്മുടെ രക്ഷയ്ക്കായ് പിറന്നുവീഴുമ്പോൾ എളിമയുടെ മഹത്തായ ഒരു മാതൃക ലോകത്തിന് നല്കുകയായിരുന്നു യേശു.

ഈ എളിയവരിൽ ഒരുവനെയിങ്കിലും നമുക്ക് സഹായിക്കാൻ കഴിഞ്ഞാൽ, അതുതന്നെയാണ് യേശുവിന് ഈ ക്രിസ്തുമസ്സ് വേളയിൽ നൽകാവുന്ന ഏറ്റവും വലിയ സമ്മാനം. ജീവിതത്തിന്റെ തിക്കിലും തിരക്കിലും പെട്ടുഴലുന്നവർ ദൈവസ്നേഹത്താൽ നിറയാൻ ശ്രമിക്കണം. നമ്മുടെ ഹൃദയം മലിനമായിരിക്കാൻ യേശു ഒരിക്കലും ആഗ്രഹിക്കുന്നില്ല. വൃദ്ധസദനങ്ങളിലേക്ക് മാതാപിതാക്കളെ തള്ളിവിടുന്ന സഹോദരീ സഹോദരന്മാരെ നിങ്ങളുടെ മാതാപിതാക്കളെ നിങ്ങളുടെ ഭവനങ്ങളിയേക്ക് തിരികെ വിളിക്കൂ. സ്വത്ത് തർക്കം മൂലം സഹോദരങ്ങളുമായി കലഹിച്ചുനിൽക്കുന്ന പ്രിയ സ്നേഹിതരേ ഈ ക്രിസ്തുമസ്സ് വേളയിൽ സഹോദരങ്ങളുമായി രമ്യതപ്പെടാം. ഒരു നോട്ടമോ എളിമയോടെയുള്ള ഒരു വാക്കോ മതിയാകും പല പടലപിണക്കങ്ങളും അവസാനിക്കാൻ. പ

തിവുപോലെ പുതിയ ലോകത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് കുതിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളെ നിർമ്മലമായി സൂക്ഷിച്ച് യേശുവിന്റെ പിറവിയ്ക്കായ് ഒരുക്കിയെടുക്കാം. സാങ്കേതിക വിദ്യ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. അത്രത്തോളെ തിന്മകളും പാപസാഹചര്യങ്ങളും വർദ്ധിക്കുകയാണ്. മക്കൾ എന്താണ് ചെയ്യുന്നത് എന്നറിയാത്ത മാതാപിതാക്കൾ. മകനെ, മകളെ നിങ്ങളുടെ ഇലക്ട്രോണിക് ഉപകരങ്ങൾ പാപഹേതുവാകാതിരിക്കാൻ ശ്രദ്ധിക്കു. നവമാധ്യമങ്ങളിലെ നന്മയുടെ വശം മാത്രം തിരഞ്ഞെടുക്കു. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. ഞെട്ടിക്കുന്ന പ്രകൃതിദുരന്തങ്ങൾ നമ്മുടെ കൺമുൻപിലൂടെ കടന്നുപോകുന്നു. കടൽത്തിരമാലകൾ നമ്മെ കാർന്നുതിന്നേക്കാം. ഹൃദയത്തിലെ നന്മകളെ കവർന്നെടുക്കുവാൻ ഒരു ദുഷ്ടശക്തിക്കും സാധ്യമാകാതിരിക്കട്ടെ. നമ്മിലെ നല്ല പ്രവർത്തികളിലൂടെ അവ എന്നും നിലനിൽക്കുകയും ലോകം നമ്മെ സ്മരിക്കുകയും ചെയ്യട്ടെ.

മഹാനായ ചിത്രകാരൻ ലിയാനാർഡോ ഡാവിൻഞ്ചി യേശുക്രിസ്തുവിന്റെ ചിത്രം വരക്കാനായി നൂറുകണക്കിന് യുവാക്കളെ കണ്ടു. നിഷ്ക്കളങ്കനായ പാപക്കറ പുരളാത്ത ദൈവിക തേജസ്സുള്ള ഒരു മുഖമാണ് അദ്ദേഹത്തിന് വേണ്ടിയിരുന്നത്. ഒടുവിൽ ഒരുപാടു അലഞ്ഞതിന് ശേഷം ഒരു യുവാവിനെ കണ്ടെത്തി യേശുവിന്റെ ചിത്രം പൂർത്തീകരിച്ചു. അദ്ദേഹം ആഗ്രഹിച്ചതുപോലെ നിഷ്ക്കളങ്കവും മനോഹരവും ദൈവീകവുമായിരുന്നു ആ ചിത്രം. അടുത്ത ഊഴം യൂദാസിന്റെ രൂപം കണ്ടെത്തുക എന്നതായിരുന്നു. പാപിയായ ഭയപ്പെടുത്തുന്ന ക്രൂരനായ ഒരു മനുഷ്യൻ വേണമായിരുന്നു ആ ചിത്രകാരന്. നിരവധി ക്രിമിനലുകളേയും പാപികളേയും കണ്ടുവെങ്കിലും അനുയോജ്യനായ വ്യക്തിയെ കണ്ടെത്താൻ ഏറെ പണിപ്പെട്ടു. വർഷങ്ങൾക്ക് ശേഷം യൂദാസിന്റെ രൂപഭാവങ്ങളുള്ള ഒരു മനുഷ്യനെ അദ്ദേഹം കണ്ടെത്തി. ഒരു ജയിൽ പുള്ളി ആയിരുന്നു അദ്ദേഹം. അനുവദിക്കപ്പെട്ട ദിവസങ്ങളിൽ മാസങ്ങളോളം ചിത്രകാരന് മുമ്പിൽ അയാളിരുന്നു.

ചിത്രരചന പൂർത്തിയായതോടെ തടവുപുള്ളിയെകൊണ്ടു പോകാൻ ചിത്രകാരൻ പറഞ്ഞു. തിരികെ കൊണ്ടുപോകുംവഴി സുരക്ഷാഭടൻമാരിൽ നിന്നും കുതറിമാറി ആ ജയിൽ പുള്ളി ചിത്രകാരനോട് ചോദിച്ചു. നിങ്ങൾ എന്നെ അറിയുമോ? റോമിലെ ജയിലിൽ നിന്നും ഇവിടെ വരുന്നതുവരെ നിന്നെ എനിക്കറിയില്ല എന്ന ഉത്തരം കേട്ട് സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തി അയാൾ സ്വയം ചോദിച്ചു. ദൈവമേ ഞാൻ അത്രയധികം ആഴത്തിലേയ്ക്ക് വീണുപോയോ? ചിത്രകാരന്റെ അറിവിലേക്ക് ആ മനുഷ്യൻ പറഞ്ഞു. ഞാൻ തന്നെയാണ് വർഷങ്ങൾക്ക് മുൻപ് നിങ്ങൾ ക്രിസ്തുവിന്റെ ചിത്രം വരച്ചപ്പോൾ നിങ്ങളുടെ മുമ്പിലിരുന്ന വ്യക്തി.

നിഷ്ക്കളങ്കനായ വ്യക്തി പാപസാഹചാര്യങ്ങളിൽപ്പെട്ട് അതിക്രൂരനായ കുറ്റവാളി ആയതിന്റെ നേർചിത്രമാണിത്. നമ്മിൽ നിറഞ്ഞു നിൽക്കുന്ന നന്മയുടെ വക്താക്കളാവുക, തിന്മ വെടിയുക. സ്നേഹവും സമാധാനവും പങ്കുവെയ്ക്കുവാൻ കഴിയുമാറാകട്ടെ. വിദ്വേഷത്തിന്റേയും വെറുപ്പിന്റേയും പാപക്കറ കഴുകിക്കളയാം. പ്രതീകാത്മകമായ പുൽക്കൂടുകളിൽ അല്ല യേശുക്രിസ്തു പിറക്കേണ്ടത്. നമ്മുടെ ഹൃദയങ്ങളിൽ യേശു പറക്കാൻ തക്കവിധം നമുക്ക് സജ്ജരാകാം. ഈ ആഗമനകാലത്ത് ക്രിസ്തുവിൽ നവീകരിക്കപ്പെട്ടവരായി മാറാൻ നമുക്ക് സാധിക്കണം. മറ്റുള്ളവരിലെ തിന്മകൾ കണ്ടെത്തുന്നതിലുപരി നന്മകളെ പ്രോത്സാഹിപ്പിക്കാൻ നമുക്ക് കഴിയണം. ദൈവപുത്രനായ യേശു ക്രിസ്തു ഒരു പുൽതൊഴുത്തിൽ പിറക്കാൻ തക്കവിധം എളിമപ്പെട്ടു. നിഷ്ക്കളങ്കരായ ആട്ടിടയൻമാരാണ് അവിടെ ഉണ്ടായിരുന്നത്. ഈ ക്രിസ്തുമസ്സ് സമാധാനത്തിന്റേയും ശാന്തിയുടേയും ആയി മാറട്ടെ. നാം ഓരോരുത്തരുടേയും എളിമയുള്ള ഹൃദയത്തിൽ യേശു പിറക്കട്ടെ.

# സ്നേഹം പരമമായ സത്യം

# പ്രാർത്ഥന എന്ന പുണ്യം



നിഷ സണ്ണി

സാധാരണക്കാരന് മനസ്സിലാക്കാൻ കഴിയാത്ത വിധമാണ് ഒരു ആർട്ടിസ്റ്റ് തന്റെ മാസ്റ്റർപീസ് വരച്ചുതീർക്കുന്നത്. അദ്ദേഹത്തിന്റെ സൃഷ്ടിയിൽ ഒളിച്ചിരിക്കുന്നതും തെളിഞ്ഞിരിക്കുന്നതുമായ സത്യങ്ങൾ പലപ്പോഴും പല അർത്ഥങ്ങളാണ് നൽകുന്നത്. എന്നതുപോലെ ദൈവത്തിന്റെ സൃഷ്ടിയായ നാമോരോരുത്തരും അവന്റെ വരയിലെ വിഭിന്ന മുഖങ്ങളാണ്. മുഖം മനസ്സിന്റെ കണ്ണാടി എന്നാരോ പറഞ്ഞുവെച്ചതുപോലെ ആന്തരീകസൗഖ്യം ലഭിച്ച ഏതൊരു ഹൃദയവും അതിന്റെ പൂർണ്ണശോഭയോടെ പ്രകാശിക്കും.

ശില്പിയും സൃഷ്ടാവുമായ ദൈവം മനുഷ്യമക്കൾക്കു നൽകിയിരിക്കുന്ന ഒരു വരദാനമാണ് മനസ്സ് എന്നത്. എനിക്കു മനസ്സില്ല, എനിക്കു മനസ്സുണ്ട് എന്നിങ്ങനെ രണ്ടു വിധത്തിൽ ചിന്തിക്കുവാൻ നമുക്കു സാധിക്കും. എന്നാൽ പരിശുദ്ധാത്മാവിന്റെ നിറവുണ്ടെങ്കിൽ മാത്രമേ ഒരു നല്ല മനസ്സിന്റെ ഉടമയാവാൻ സാധിക്കൂ. അതിനു പ്രാർത്ഥന കൂടിയേ തീരൂ. പലരും ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട് എന്താണ് പ്രാർത്ഥന എന്ന്.

ഒരു വിശ്വാസിയെ പ്രാർത്ഥന എന്താണെന്ന് പഠിപ്പിക്കേണ്ട ആവശ്യം വരുന്നില്ല. അവന്റെ മനസ്സ് എന്നും പ്രവർത്തന നിരതമായിരിക്കും. മുന്നിൽ വരുന്നതെന്തും നീതിയോടെ പ്രവർത്തിക്കാൻ ദൈവം അവനെ ഒരുക്കി നിർത്തും. അലസമായ ഒരു മനസ്സിന്റെ ഉടമയ്ക്കു മാത്രമേ ഒരു നിരീശ്വരവാദിയാകാൻ കഴിയൂ.

നിനക്ക് എന്നെക്കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. (മത്തായി 7:8). കർത്താവേ കർത്താവേ എന്നു വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. എന്റെ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകിയായ മനുഷ്യനു തുല്യനായിരിക്കും. (ലൂക്ക 13:25-27)

നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നതാണ് ഭൂമിയിലെ ഏററവും സുന്ദരമായ വാക്യം. അതിലെല്ലാം അടങ്ങിയിരിക്കുന്നു. ക്രിസ്തു നിന്നെ സ്നേഹിച്ചതുപോലെ നിങ്ങളും മററുള്ളവരെ സ്നേഹിക്കുവിൻ (എഫേ. 5:2) അവിടെ വിദ്വേഷമില്ല, പകയില്ല, വെറുപ്പില്ല. അപ്പോൾ മാനസികമായി നാം ഒരുപടി മുന്നേറിക്കഴിഞ്ഞു.

വെറുക്കപ്പെടാൻ മാത്രം നാം ബന്ധിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക. സ്നേഹം എന്ന മന്ത്രം ജീവിതത്തിൽ പകർത്താൻ കഴിഞ്ഞാൽ ഈ ജീവിതയാത്രയിൽ തുഴയാൻ നമുക്കു കൂട്ടിനു പലരുമുണ്ടാകും.

പാപങ്ങളും പാപസാഹചര്യങ്ങളും ഒഴിവാക്കാൻ സാധിച്ചാൽ ഈ ലോകജീവിതം ആസ്വദിക്കാൻ നമുക്കു കഴിയും. ദൈവീക ജീവൻ പ്രാപിച്ചുകഴിഞ്ഞാൽ മുന്നിൽ വരുന്ന വിപരീത സാഹചര്യങ്ങളിൽ പതറിപ്പോകാൻ ഇടവരില്ല. സ്നേഹസമ്പൂർണ്ണനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.





# ദൈവത്തിങ്കലേക്കൊരു പ്രാർത്ഥനാദൂതുമായി...

## - മഞ്ചാടി



സയന ഷിനോയ്

ഞാൻ മഞ്ചാടിക്കുരു. ഒരു ആത്മകഥയെഴുതാനുള്ള പ്രാപ്തിയൊന്നുമെനിക്കില്ലെങ്കിലും ഇത് എന്റെ ജീവിതകഥയാണ്. അതിനാൽ ആരംഭത്തിൽ മനസ്സിൽ തോന്നിയേക്കാവുന്ന സംശയങ്ങൾ വായനാമധ്യേ മാറിക്കൊള്ളുമെന്നാണ് എന്റെ വിശ്വാസം.

തിരുവനന്തപുരത്തെ ഗവൺമെന്റ് മെന്റൽ ഹോസ്പിറ്റലിന്റെ മുപ്പത്തിയാറു ഏക്കറിൽ ഒത്ത നടുവിലായി വളർന്നുപന്തലിച്ചു നിൽക്കുന്ന മഞ്ചാടിമരമാണ് എന്റെ അമ്മ. ഫലവൃക്ഷങ്ങളും കിളിനാദങ്ങളും കൊണ്ട് പ്രകൃതിയാൽ മനോഹരമാണ് എന്റെ വാസസ്ഥലം. എന്നാൽ ഉന്മാദത്തിന്റെയും വിഷാദത്തിന്റെയും വകഭേദങ്ങളിൽപെട്ടു ജീവിതം തകർത്തെറിഞ്ഞ വിധിയെ നോക്കി അട്ടഹസിക്കുകയും അലറിക്കരയുകയും ചെയ്യുന്ന മാനസികരോഗികളാണ് ഇവിടുത്തെ അന്തേവാസികൾ. അവരെ സ്നേഹിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന സ്നേഹനിധിയാണ് ഇവിടുത്തെ ചീഫ് ഡോക്ടർ. അദ്ദേഹത്തിനു താങ്ങായി സഹപ്രവർത്തകരും.

അങ്ങനെ മന്ദമാരുതന്റെ തലോടലിൽ മയങ്ങി ഇരിക്കുമ്പോൾ ആണ് എന്റെ കഥയിലെ നായികയും കൂട്ടുകാരും ഒരു കന്യാസ്ത്രീയമ്മയുടെ കൂടെ ഗേറ്റ് കടന്നുവരുന്നത് കണ്ടത്. നഴ്സിംഗ് പഠനത്തിനിടെയുള്ള സൈക്കിയാട്രിക് വിഭാഗത്തിലെ പരിശീലനത്തിനായി വന്നതാണ് അവർ. അണിഞ്ഞിരുന്ന വെള്ള സ്യൂട്ടിൽ എറണാകുളത്തെ പ്രശസ്തമായ നഴ്സിംഗ് കോളേജിന്റെ ഒരു പത്രാസ്സുണ്ടായിരുന്നു. അവരുടെ കൈയിൽ സിറിഞ്ചിനുപകരം എ.കെ.47 തോക്കു കൊടുത്തു ബോർഡറിൽ നിർത്തിയാൽ നന്നായിരിക്കും എന്ന് ആരോ പറഞ്ഞ തമാശകേട്ടു ഞാനും ചിരിച്ചു. വേറെ നാലുകോളേജിൽനിന്നു കൂടി കുട്ടികൾ വന്നു. അവരാകട്ടെ വെള്ള സാരിയിലും ചുരിദാറിലും ശാലീന സുന്ദരികളായിരുന്നു.

ആടിയും പാടിയും ചിരിച്ചും കളിച്ചും മാവിൽ കല്ലെറിഞ്ഞും പേരക്ക പൊട്ടിച്ചും സെക്യൂരിറ്റിയെ കാണാതെ ചക്കപ്പഴം പറിച്ചു പങ്കിട്ടു കൊടുത്തും അവർ രോഗികളെ സന്തോഷിപ്പിക്കുന്നത് വളരെ നയനമനോഹരമായ കാഴ്ച തന്നെയായിരുന്നു. ഇവിടുത്തെ പ്രധാന അക്രമണരീതിയായ പനിനീർ തളിക്കൽ പോലുള്ള തുപ്പൽ പ്രയോഗത്തിൽനിന്നു രക്ഷപ്പെടാൻ അവളും കൂട്ടുകാരികളും പാലായനം ചെയ്യുന്നതു കണ്ടാൽ ആർക്കും ചിരിപൊട്ടും. പ്രഭാത ഭക്ഷണ സമയത്താണ് അവരുടെ കന്യാസ്ത്രീയമ്മ തേച്ചുമിനുക്കിയ വെള്ള വസ്ത്രമണിഞ്ഞു എല്ലാവരോടും കുശലാന്വേഷണത്തിനിറങ്ങിയത്. ഇതുകണ്ട് കുസൃതികാരിയായ ലക്ഷ്മി സിസ്റ്ററുടെ വസ്ത്രത്തെ ചായയിൽ കുളിപ്പിച്ചു. ഉന്മാദമാണ് അവളുടെ രോഗം. മനോനില തകർന്ന ആരാലും സ്നേഹിക്കപ്പെടാൻ അവകാ

ശമില്ലാത്ത ഇവിടുള്ളവരെ അവർ പെട്ടെന്ന് ത ന്നെ സ്നേഹംകൊണ്ട് കൈയിൽ എടുത്തു.


അങ്ങ് ദൂരെമാറി വലിയ കരിങ്കൽ മതിലുകൾക്കുള്ളിൽ ഏറ്റവും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന രോഗികൾക്കായി പ്രത്യേക സെല്ലുകളുണ്ട്. രാത്രിയുടെ നിശബ്ദതയാമങ്ങളെ ഭേദിച്ചുകൊണ്ട് അവിടെ നിന്ന് വരുന്ന അലർച്ചകൾ എന്നെ പേടിപ്പെടുത്താറുണ്ട്. ആ സെല്ലുകളിലേയ്ക്ക് പ്രത്യേക അനുമതി വാങ്ങി കന്യാസ്ത്രീയമ്മയും കുട്ടികളും കൂടി പോകുന്നത് നോക്കി ഇമവെട്ടാതെ ഞാൻ ഇരുന്നു പോയി. വേഗത്തിൽ തിരിച്ചുവന്ന അവരുടെ മുഖത്തു ഒരു നിർവികാരത തളംകെട്ടിനിൽക്കുന്നുണ്ടായിരുന്നു. അതിനകത്തുള്ളവരുടെ വിക്രിയകൾ കണ്ടു ആ ഇളംമനസ്സുകൾ വേദനിച്ചിട്ടുണ്ടാകണം.

പരിശീലനം അവസാനിക്കാറായി. പ്രാക്ടിക്കൽ പരീക്ഷയുടെ ദിവസം നിർണ്ണയിക്കപ്പെട്ടു. കളിചിരികൾ മാഞ്ഞു കുട്ടികൾ പരീക്ഷാച്ചൂടിലായി. ആ വിഷമത്തിൽ ഇരിക്കുമ്പോൾ പെട്ടന്നാണ് അത് സംഭവിച്ചത്. ശക്തമായ കാറ്റിനാൽ പിഴുതെറിയപ്പെട്ടു ഞാൻ അതാ നിലം പതിക്കുകയാണ്. താഴെകിടന്നു കണ്ണുതുറന്നു നോക്കി, ഭാഗ്യം! എനിക്ക് ജീവനുണ്ട്. വേർപ്പെട്ടെങ്കിലും ഞാൻ എന്റെ അമ്മയുടെ തണലിൽ ചേർന്നുകിടന്നു. പലരും എന്നെ ചവിട്ടിമെതിച്ചുകടന്നുപോയി. കലാപരിപാടികൾ അവതരിപ്പിച്ചും ഭക്ഷണം വിതരണം ചെയ്തും അവർ പരിശീലനം അവസാനിപ്പിച്ചു. രണ്ടുമാസം കന്നുപോയതറിഞ്ഞതേയില്ല.

ഇന്ന് പരീക്ഷയാണ്. എല്ലാവരുടേയും മുഖങ്ങളിൽ ചെറിയ ടെൻഷൻ കാണാമെങ്കിലും ഒരു ചിരി തേച്ചുപിടിപ്പിച്ചിരിക്കുന്നു. ബാംഗ്ലൂരിൽ എൻജിനീയറും രണ്ടുകുട്ടികളുടെ പിതാവുമായ പ്രശാന്തിനെ ആണ് എന്റെ നായികയ്ക്ക് പരീക്ഷയ്ക്കായി കിട്ടിയത്. പ്രവർത്തികൾക്ക് ചിന്തയും വികാരങ്ങളുമായി ബന്ധമില്ലാത്ത അവസ്ഥ ആയ സ്കിസോഫ്രേനിയ ആണ് അദ്ദേഹത്തിന്റെ അസുഖം. തലങ്ങും വിലങ്ങും നടക്കുന്ന അയാളോട് അവൾ എന്തൊക്കെയോ ചോദിക്കുന്നുണ്ട്. പെട്ടന്ന് എന്റെ അമ്മമരത്തിനരികിലേക്കു വന്ന അയാൾ എന്നെയും ചേർത്ത് പത്തു മഞ്ചാടിക്കുരുക്കൾ പെറുക്കിയെടുത്ത് അവൾക്ക് കൊടുത്തുകൊണ്ട് പറഞ്ഞു. ‘നീ ഈ മഞ്ചാടിക്കുരുക്കൾ സൂക്ഷിച്ചുവയ്ക്കണം. കാരണം മറക്കാൻ കഴിവുള്ളവരാണ് മനുഷ്യർ. നിങ്ങളും ഇവിടം മറക്കും, എങ്കിലും ഈ മഞ്ചാടിക്കുരുക്കൾ കാണുമ്പോൾ നിന്റെ മനസ്സിൽ തോന്നുന്ന ഒരു നെടുവീർപ്പ്, അതുമതി ദൈവം എന്ന ശക്തിക്കു സ്വീകാര്യമാകാൻ. ഒരാളുടേയെങ്കിലും അസുഖം ഭേദമാക്കാൻ നിന്റെ നെടുവീർപ്പുകൾക്കാകുമെങ്കിൽ അത് നിനക്ക് അനുഗ്രഹമായിത്തീരട്ടെ.‘

ഞങ്ങളെ കൈക്കുള്ളിൽപിടിച്ചു തിരിഞ്ഞുനടന്നു, അവൾ മനസ്സിൽ പിറുപിറുത്തു. ’ആരുപറഞ്ഞു ഇയാളുടെ ചിന്തകളും പ്രവർത്തികളും തമ്മിൽ ബന്ധമില്ലെന്ന്? ശരിയാണ് നോർമൽ ആയ ഒരാൾക്കും ഇങ്ങനെ ചിന്തിക്കാനാകില്ല.‘ അമ്മയുമായുള്ള വേർപാടിന്റെ വേദന മനസ്സിലൊതുക്കി ഞാൻ അവളുടെ കൂടെപ്പോയി. അവളുടെ നഴ്സിംഗ് പഠനകാലവും അതിനുശേഷമുള്ള പരിശീലനകാലവും വസ്ത്രങ്ങൾ ഭംഗിയായി അടുക്കിയ പെട്ടിക്കുള്ളിൽ ഞങ്ങൾ ഇരുന്നു. ഓരോ തവണ പെട്ടിതുറക്കുമ്പോഴും അവൾ ഞങ്ങളെ നോക്കി കണ്ണടയ്ക്കുമായിരുന്നു. ആ നിമിഷങ്ങളിൽ ഞാനും ഒരു മനുഷ്യനായിരുന്നെങ്കിൽ എന്ന ഒരു ചിന്ത എന്നെ വല്ലാതെ അലട്ടാറുണ്ട്.

എനിക്കറിയില്ല എത്ര ജീവിതങ്ങളെ രക്ഷിക്കാൻ അവളുടെ നെടുവീർപ്പുകൾക്കു കഴിഞ്ഞെന്നു. എങ്കിലും ദൈവത്തിങ്കലേക്കു പ്രാർത്ഥനദൂതു പോകാൻ നിയോഗിക്കപ്പെട്ട ഞാൻ എന്റെ കടമ എന്നും നിർവഹിക്കും. എനിക്കൊരു മരണം ഉണ്ടെങ്കിൽ അതുവരെ..‘ എന്റെ കഥയിലെ നായിക ഇപ്പോൾ ജോലിക്കായി വിദേശത്താണ്. ഞാൻ അവളുടെ വീട്ടിലെ സ്വീകരണമുറിയിലെ പളുങ്കുചെപ്പിനകത്തിരിക്കുന്നു, വർഷത്തിലൊരിക്കലുള്ള അവളുടെ അവധിക്കാലവരവിനെയും പ്രതീക്ഷിച്ചുകൊണ്ട്.



# ഇതെങ്ങനെ സംഭവിക്കും?



ജോസഫ് പി.എൻ.

കുറച്ചു വർഷങ്ങൾക്കുമുമ്പ് ക്രിത്യമായി പറഞ്ഞാൽ 2008 ഡിസംബർ മാസം, ക്രിസ്തുമസ്സിന്റെ വരവറിയിച്ചുകൊണ്ട് ദേവാലയവും, പരിസരവും തോരണങ്ങളാലും വൈദ്യുത ദീപാലങ്കാരത്താലും അണിഞ്ഞൊരുങ്ങി നിൽക്കുന്നു. പ്രകൃതി പോലും യേശുവിന്റെ ജനനത്തിനായി കുളിരണിഞ്ഞു നിൽക്കുന്നു. മഞ്ഞു തണുപ്പും എല്ലാവരേയും ക്രിസ്തുമസ്സിന്റെ ഈർപ്പമുള്ള കുളിരണിയിക്കുന്ന പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിലേയ്ക്ക്.. ഓരോരുത്തരെയും കൂട്ടികൊണ്ടു പോകുന്നു.

ഗ്രോട്ടോയുടെ മുമ്പിൽ പ്രാർത്ഥനാ നിർവൃതിയോടെ നിന്നിരുന്ന ഞാൻ ദൈവീകമായ ഒരു അനുഭവത്തിലേയ്ക്ക് വഴുതിവീണു. വി.യൗസേപ്പിതാവ് നിറവയറുമായ പരിശുദ്ധ കന്യകാമറിയത്തോടുകൂടി പല വീടുകളും കയറിയിറങ്ങുന്നത് കാണുവാൻ സാധിച്ചു. വി.യൗസേപ്പിതാവ് അനുഭവിച്ചുകൊണ്ടിരുന്ന നിന്ദനങ്ങളും, പരിഹാസങ്ങളും, മറ്റുള്ളവർ ആട്ടിയോടിക്കുന്നതും തന്റെ ജീവിത പങ്കാളിയ്ക്കുവേണ്ടി പ്രസവിക്കാൻ ഒരിടം തേടി മുട്ടിയ വാതിലുകളും, കൊട്ടിയടക്കപ്പെട്ട വാതിലുകളും ഞാൻ കണ്ടു. പ്രസവവേദനയാലും യാത്രാ ക്ലേശത്താലും വിഷമിക്കുന്ന പ.കന്യകാമറിയത്തിന്റെ വത്സല ഭർത്താവ് അനുഭവിക്കേണ്ടി വരുന്ന ക്ലേശങ്ങളും വ്യാധകളും ഒരുപാട് നൊമ്പരപ്പെടുത്തുന്നുണ്ടായിരുന്നു. തിരുകുടുംബത്തിന്റെ ഈ സങ്കടം പെട്ടന്നു തന്നെ എന്റെ സങ്കടമായി മാറി. എനിയ്ക്ക് കണ്ടുനിൽക്കാൻ സാധിച്ചില്ല. യൗസേപ്പിതാവിന്റെയും പ.കന്യകാമറിയത്തിന്റെയും സങ്കടവും വേദനകളും എന്റെയും വേദനയായ നിമിഷം. ഉള്ളിന്റെ ഉള്ളിൽ നിന്ന് ഇപ്രകാരം ഞാൻ പറഞ്ഞു. നിങ്ങൾ എന്നിലേയ്ക്കു വന്നു കൊള്ളുക. ഉണ്ണിയേശുവിനെ ജന്മം നല്കാൻ എന്റെ ഹൃദയം ഞാൻ വിട്ടുനല്കാം.

ഇത് ഞാൻ പറഞ്ഞുതീർന്നതും പെട്ടന്ന് ഒരു സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു വ്യൂഹം എനിക്കു ചുറ്റും പ്രത്യക്ഷപ്പെടുകയും ദൈവത്തെ സ്തുതിച്ചുകൊണ്ട് പാടുന്നതും ഞാൻ കേട്ടു. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം.' (ലൂക്കാ. 2:14)

ഈ സ്വർഗ്ഗീയ അനുഭൂതിയിൽ ഞാൻ നില്ക്കവേ എന്റെ മുമ്പിലേയ്ക്ക് രാത്രിയുടെ ആ യാമത്തിൽ ഇരുട്ടിലൂടെ രണ്ടുമൂന്നു പേർ കടന്നു വരുന്നു. ഞാൻ സൂക്ഷിച്ചു നോക്കികൊണ്ടിക്കുമ്പോൾ അവർ വന്ന് എന്റെ മുമ്പിൽ മുട്ടുകുത്തുകയും കുമ്പിടുകയും ചെയ്തു. ഞാൻ അവരോട് ചോദിച്ചു; നിങ്ങൾ എന്താണ് ചെയ്യുന്നത്? വെറുമൊരു മനുഷ്യനായ എന്റെ മുമ്പിൽ കുമ്പിടുകയോ? മുട്ടുകുത്തുകയോ? ഞാൻ ദൈവല്ല. അപ്പോൾ അവർ പറഞ്ഞു, നിന്നെയല്ലാ ഞങ്ങൾ യഥാർത്ഥത്തിൽ വണങ്ങിയതും കുമ്പിട്ടതും നിന്റെ ഹൃദയത്തിൽ പിറന്ന ഉണ്ണിയേശുവിനെയാണ് ഞങ്ങൾ ആരാധിച്ചത്. ഞാൻ തിരിച്ചറിഞ്ഞു എന്റെയുള്ളിലെ ഹൃദയത്തിൽ ഉണ്ണിയേശു പിറന്നിരിക്കുന്നു. എനിക്ക് എന്തന്നില്ലാത്ത ആനന്ദവും ആഹ്ളാദവും അനുഭവപ്പെട്ടു.

ഉണ്ണിയായ യേശു പിറക്കുന്നിടത്ത് അമ്മയായ മറിയവും, യൗസേപ്പിതാവും, മാലാഖമാരും, വിശുദ്ധരും സ്വർഗ്ഗം മുഴുവനും സന്നിഹിതമാകുന്നു. ഈ സ്വർഗ്ഗീയാനന്ദം. സ്വന്തമാക്കാൻ ഇതാ വീണ്ടും ക്രിസ്തുമസ് രാവ് വന്നെത്തി. പ്രകൃതിയും, ദേവാലയവും, ദേവാലയങ്കണവും ഒരുങ്ങി. സഹോദങ്ങളെ, ഉണ്ണിയേശുവിന് പിറക്കാനായി നമ്മൾ ഒരുങ്ങിയോ? നമുക്ക് പറയാം. ഇതാ കർത്താവിന്റെ ദാസൻ/ദാസി ! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.

'ദൈവത്തിന് ഒന്നും അസാധ്യമല്ല.' (ലൂക്ക. 1: 37)












KERALA REGION LATIN












പറുദീസ




സീലോഹ
2017



# വിവാഹ ഒരുക്ക സെമിനാർ 2018



വിവാഹഒരുക്കത്തിനായുള്ള മലയാളത്തിലുള്ള പഠന ക്ലാസ്സുകൾ, ദുബായ് മുഹൈസ്നായിലുള്ള സെന്റ് മേരീസ് കാത്തലിക് സ്കൂളിൽ എല്ലാ മാസത്തിലേയും രണ്ടാമത്തെ ആഴ്ചയിൽ ബുധൻ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ നടത്തുന്നു.

**ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈകീട്ട് 8 മുതൽ 10.30 വരെ.**
**വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 5.30 വരെ.**
**ശനിയാഴ്ച വൈകുന്നേരം 7 മുതൽ 10.30 വരെ.**

പങ്കെടുക്കാനാഗ്രഹിക്കുന്നവർ അലക്സച്ചന്റെ ഓഫീസിൽ (റൂം നമ്പർ 7) നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ബാച്ചിലും 60 പേർക്കാണ് പങ്കെടുക്കാനാവുക. ആദ്യമെത്തുന്ന ക്രമമനുസരിച്ചായിരിക്കും സീറ്റുകൾ ലഭ്യമാവുക. നാലു ദിവസത്തെ എല്ലാ ക്ലാസ്സിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്ലാസ് തുടങ്ങിയതിന് ശേഷം താമസിച്ച് വരുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല. രജിസ്ട്രേഷനുശേഷം ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുകയില്ല.

## വിവാഹത്തിനായ് NOC വാങ്ങാൻ വരുന്നവരുടെ ശ്രദ്ധയ്ക്ക്

1. നാട്ടിലെ ഇടവകയിൽനിന്നുള്ള ആറ് മാസത്തിലധികം പഴക്കമില്ലാത്ത മാമ്മോദീസ സർട്ടിഫിക്കറ്റ് കോപ്പി കൊണ്ടുവരേണ്ടതാണ്.
2. മലയാളി കമ്യൂണിറ്റി (MCC) മെമ്പർഷിപ്പ് എടുത്തിരിക്കണം. കൂടാതെ പാരിഷ് വെബ്സൈറ്റിലൂടെ പാരിഷ് മെമ്പർഷിപ്പ് എടുത്ത് ആ ഐ.ഡി. നമ്പറും കൊണ്ടുവരേണ്ടതാണ്.
3. Free state certificate/NOC പള്ളി ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.




**Alpha Institute of Theology & Science** is a blessing to the Church. Its services are available not only to Thalassery or in kerala but also to the laities in other parts of the world. In this context we are very glad to inform you that institute offers its theological courses to the people in U.A.E. too.

In 2011 by the blessings of **H.E Bishop Paul Hinder** and under the leadership of **V.Rev. Fr. Joseph Pamplani** (the Founder and the Director) through the support of **Rev. Father Varghese Chempoly & Rev. Fr.Seraphin** theology courses were introduced in Dubai by the St. Mary's Media Ministry. Ever since the inception of theology courses, there had been a great response from the laities and parishioners to enroll in the courses. In 2015 there were 30 students who have successfully completed B.Th Courses. In 2017 there were 15 students have passed out the M.Th Course and 20 students in B.Th.

By the presence and blessings of ***H.G Archbishop Mar George Njaralakattu**, **Chancellor of Alpha Institute*** *and* ***H.E Bishop Mar Joseph Pamplani, Director of the institute*****,** the **Convocation Ceremony** which was held in the Main Hall of the St. Mary's Church, was a grand success . We were greatly honored by the presence of very important dignitaries who graced the occasion. The convocation program had given a great momentum to the people in other emirates to enroll in the Theology courses.

Those who are interested to enroll in the fresh batch of B.Th please do contact the below persons. **For further information kindly contact :-**

Mrs.Lizy . K. Fernanadez – 050 5527160
Mrs.Soni Manoj – 050 6004181

## മലയാളത്തിലുള്ള ദിവ്യബലി സമയം

| | | |
|---|---|---|
| ■ | **എല്ലാവെള്ളിയാഴ്ച്ചയും** | **: ഉച്ചകഴിഞ്ഞ് 2:00 മണിക്ക്** |
| ■ | എല്ലാ മാസവും ആദ്യ വ്യാഴാഴ്ച്ച | : വൈകുന്നേരം 8:00 മണിക്ക്, തുടർന്ന് ഒപ്പീസ് |
| ■ | എല്ലാ മാസവും മൂന്നാമത്തെ വ്യാഴാഴ്ച്ച | : വൈകുന്നേരം 8:00 മ ണിക്ക്, തുടർന്ന് വി. അന്തോണീസിനോടുള്ള നൊവേന |
| ■ | എല്ലാ മാസവും നാലാമത്തെ ബുധനാഴ്ച്ച | : വൈകുന്നേരം 8:00 മണിക്ക് |

**മലയാളത്തിലുള്ള ദിവ്യബലി സമയം (മലങ്കര റീത്തിൽ)**

എല്ലാ വെള്ളിയാഴ്ച്ചകളിലും : വൈകുന്നേരം 7.30 മണിക്ക്, മിനി ഹാളിൽ

**കരിസ്മാറ്റിക് പ്രാർത്ഥനാ സമയം**

| | | |
|---|---|---|
| 1. | എല്ലാ മാസവും ആദ്യവെള്ളിയാഴ്ച്ചകളിൽ | : ഉപവാസപ്രാർത്ഥന (രാവിലെ 10:30 മുതൽ 1:40 വരെ) |
| 2. | എല്ലാ തിങ്കളാഴ്ച്ചകളിലും | : പ്രാർത്ഥനാ കൂട്ടായ്മ - മെയിൻ ഹാളിൽ (വൈകുന്നേരം 7:30 മുതൽ 9:00 വരെ) |
| 3. | എല്ലാ വെള്ളിയാഴ്ച്ചകളിലും (ആദ്യ വെള്ളിയാഴ്ച്ച ഒഴികെ) | : മധ്യസ്ഥപ്രാർത്ഥന - റൂം നമ്പർ 6-ൽ വച്ച് (രാവിലെ 10:00 മുതൽ 11:00 വരെ) |

**ജീസസ് യൂത്ത് പ്രാർത്ഥനാ സമയം**

എല്ലാ വെള്ളിയാഴ്ച്ചകളിലും 02:00 മണിക്കുള്ള മലയാളം ദിവ്യബലിക്കുശേഷം
(സ്ഥലം: റൂം നമ്പർ 6 - മിനിഹാൾ ബിൽഡിംഗ്)

**നഴ്സസ്മിനിട്രി പ്രാർത്ഥനാസമയം**

എല്ലാ ശനിയാഴ്ച്ചകളിലും വൈകുന്നേരം 6 - 8 മണിവരെ
(സ്ഥലം: റൂം നമ്പർ 2 - മിനിഹാൾ ബിൽഡിംഗ്)

**കുമ്പസാരത്തിനുള്ള സമയം**

മലയാളത്തിൽ കുമ്പസാരിക്കുവാനുള്ള സമയക്രമീകരണങ്ങൾക്ക് സന്ദർശിക്കുക

**www.abbadubai.org.**


## വാഗ്ദാനം മാസികയിലേക്ക്
## രചനകൾ ക്ഷണിക്കുന്നു.

നിങ്ങളുടെ ക്രിസ്തീയചൈതന്യം തുളുമ്പുന്ന രചനകൾ; അവ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, കൊച്ചുകൊച്ചു ചിന്താശകലങ്ങൾ, കാർട്ടൂണുകൾ തുടങ്ങി എന്തുമാകട്ടെ, ഞങ്ങൾക്കയച്ചുതരിക. രചനകൾ **A4** പേപ്പറിൽ **ഒരുപുറത്ത് മാത്രം**, 400 വാക്കുകളിൽ കവിയാതെ എഴുതി നല്കുക. പേരും മൊബൈൽ നമ്പരും, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും വയ്ക്കാൻ മറക്കരുത്.

ഇമെയിൽ വഴിയായോ (**vagdanam.dubai@gmail.com**)
**അലക്സച്ചന്റെ ഓഫീസിലോ** ഏല്പിക്കാവുന്നതാണ്.




VAGDANAM - Dubai Malayalee Catholic Congregation Newsletter
Issue No.: 49 December 2017
For Private Circulation Inside the Church Compound Only

